**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1572** | **10-10-2024 - ൽ മറുപടിയ്ക്ക്**

**അയ്യൻകാളി കൾച്ചറൽ ട്രസ്റ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം സബ് രജിസ്ട്രാർ ഓഫീസിൽ IV/40/13 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള അയ്യൻകാളി കൾച്ചറൽ ട്രസ്റ്റിന് പത്തനാപുരം കുര്യോട്ട് മലയിൽ 6 ഏക്കർ ഭൂമി സർക്കാർ സൗജന്യമായി അനുവദിച്ച് നൽകിയിട്ടുണ്ടോ വിശദാംശം ലഭ്യമാക്കാമോ; | (എ) | തിരുവനന്തപുരം പ്രിൻസിപ്പൽ സബ് രജിസ്ട്രാർ ഓഫീസിൽ 40/IV/2013 നമ്പരായി അയ്യൻകാളി കൾച്ചറൽ ട്രസ്റ്റ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. ടി ആധാരത്തിൽ വസ്തു സംബന്ധമായ വിവരങ്ങളൊന്നും പ്രതിപാദിച്ചു കാണുന്നില്ല. |
| (ബി) | ഈ ഭൂമിയിൽ നിലവിൽ ട്രസ്റ്റിന്റെ ഭാഗമായി എയ്ഡഡ് കോളേജ് പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | വിവരം ലഭ്യമല്ല. |
| (സി) | പ്രസ്തുത ട്രസ്റ്റിന്റെ വാർഷിക വരവ് ചെലവ് കണക്കുകൾ സർക്കാർ തലത്തിൽ ഏതെങ്കിലും വകുപ്പ് മുമ്പാകെ സമർപ്പിക്കുകയോ പരിശോധനക്ക് വിധേയമാക്കുകയോ ചെയ്യുന്നുണ്ടോ; | (സി) | രജിസ്ട്രേഷൻ വകുപ്പ് മുമ്പാകെ ടി ട്രസ്റ്റിന്റെ വാർഷിക വരവ് ചെലവ് കണക്കുകൾ സമർപ്പിക്കപ്പെടുകയോ പരിശോധിക്കപ്പെടുകയോ ചെയ്യുന്നില്ല. |
| (ഡി) | ഇത്തരത്തിലുള്ള ട്രസ്റ്റുകളുടേയും ചാരിറ്റബിൾ സൊസൈറ്റികളുടെയും പ്രവർത്തനങ്ങൾക്ക് സർക്കാർ തലത്തിൽ മേൽ നോട്ടം നിർവ്വഹിക്കുന്നതിനാവശ്യമായ സംവിധാനം നിലവിൽ ഉണ്ടോ; വിശദമാക്കാമോ; | (ഡി) | ട്രസ്റ്റുകളുടെയും ചാരിറ്റബിൾ സൊസൈറ്റികളുടെയും പ്രവർത്തനങ്ങൾക്ക് മേൽനോട്ടം നിർവ്വഹിക്കുന്നതിനാവശ്യമായ സംവിധാനം രജിസ്ട്രേഷൻ വകുപ്പുമായി ബന്ധപ്പെട്ട് നിലവിലില്ല. |
| (ഇ) | ഇത്തരത്തിൽ പ്രവർത്തിക്കുന്ന ട്രസ്റ്റുകളുടെയും ചാരിറ്റബിൾ സൊസൈറ്റികളുടെയുമെല്ലാം പ്രവർത്തനങ്ങൾക്ക് സർക്കാർ തലത്തിൽ കൃത്യമായ മേൽനോട്ടം നിർവ്വഹിക്കുന്നതിനാവശ്യമായ സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഇ) | ഈ വിഷയം പ്രത്യേകമായി പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ